(ബി) അപേക്ഷകൾ നൽകിയിട്ടുള്ള കായംകുളം മണ്ഡലത്തിലെ ഹൈസ്കൂളുകളിൽ പ്ലസ് ടൂ അനുവദിക്കാൻ ഇൻസ്പെക്ഷൻ നടത്തിയ അധികാരി ശുപാർശ ചെയ്തിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് വെളിപ്പെടുത്തുമോ;

(സി) മേൽപ്പറിഞ്ഞ മണ്ഡലത്തിലെ എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടൂ കോഴ്സ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) വി.എച്ച്.എസ്.ഇ. കോഴ്സ് നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് കൂടി നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) വി.എച്ച്.എസ്.ഇ. കോഴ്സ് ഇല്ലാത്ത ഹൈസ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കാൻ മുൻഗണന നൽകുമോ?

ഉത്തരം

(എ) മുതുകുളം സംസ്കൃത ഹൈസ്കൂൾ, ആർ.പി.എം. ഹൈസ്കൂൾ, പ്രയാർ ഗവ. ഗേൾസ് ഹൈസ്കൂൾ, കായംകുളം എസ്.ആർ.പി. എം. ഹൈസ്കൂൾ, സി.എം.എസ്. ഹൈസ്കൂൾ, പുള്ളിക്കടക്ക എൻ.എസ്.എസ്. ഹൈസ്കൂൾ, പത്തിയൂർ പഞ്ചായത്ത് ഹൈസ്കൂൾ, എസ്.വി.എച്ച്.എസ്. കായംകുളം എന്നീ സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കാനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) അന്വേഷണ ഉദ്യോഗസ്ഥൻമാർ ശുപാർശ ചെയ്തിട്ടുള്ള എല്ലാ സ്കൂളുകളിലും പ്ലസ് ടൂ അനുവദിച്ചിട്ടില്ല. ഫ്രീ ഡിഗ്രി ബാച്ചുകൾ വേർപെടുത്തുന്നതുവഴി സംജാതമാകുന്ന ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകതയും, അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതയും കണക്കിലെടുത്താണ് പ്ലസ് ടൂ അനുവദിക്കുന്നത്.

(ഡി&ഇ) അതതു പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകത കണക്കിലെടുത്ത് പ്ലസ് ടൂ ആവശ്യമെന്നു തോന്നുന്നപക്ഷം അനുവദിക്കുന്നതാണ്.

55 (497) കൊയിലാണ്ടി കോതമംഗലം ഗവൺമെന്റ് എൽ.പി./യു.പി. സ്കൂളുകൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള കൊയിലാണ്ടി കോതമംഗലം ഗവൺമെന്റ് എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(ബി) കൊയിലാണ്ടി ഗവൺമെന്റ് വൊക്കേഷണൽ ഹൈസ്കൂളിലെ നിലവിലുള്ള കെട്ടിടത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് പ്രസ്തുത സ്കൂളിലെ യു.പി. ക്ലാസ്സുകൾ ആവശ്യമായ സൗകര്യങ്ങളുള്ള തൊട്ടടുത്ത കോതമംഗലം ഗവൺമെന്റ് എൽ.പി. സ്കൂളിലേക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചാൽ അർഹത പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

56 (498) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്;

(സി) എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്ത് യു.പി.എസ്. ആക്കാൻ വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; ആവശ്യമായ സൗകര്യങ്ങൾ അനുവദിച്ചാൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് ഇതുവരെയും തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(ബി) 6 സ്കൂളുകൾ.

(സി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. കേരള എഡ്യൂക്കേഷൻ റൂൾസിലെ ചാപ്റ്റർ 5 റൂൾ (എ)യിലെ നിബന്ധനകൾക്ക് വിധേയമായാണ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത്.

57 (504) പ്രീ-ഡിഗ്രി കോഴ്സ് കോളേജുകളിൽനിന്നും മാറ്റാൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ പ്രീ-ഡിഗ്രി കോഴ്സ് കോളേജുകളിൽനിന്നും പൂർണ്ണമായും ഡീലിങ്ക് ചെയ്ത് സ്കൂളിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനുവേണ്ടി പ്ലസ് ടു കോഴ്സ് നടപ്പിലാക്കേണ്ട സ്കൂളുകളുടെ ലിസ്റ്റ് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ പ്രീ-ഡിഗ്രി കോഴ്സ് നിലവിലുള്ള കോളേജുകൾക്ക് സമീപമുള്ള സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ മുൻഗണന നൽകുമോ;

(ഡി) കൂടുതൽ സർക്കാർ സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്ലസ് ടു അധ്യാപകരുടെ നിയമനം പൂർണ്ണമായും പി.എസ്.സി. വഴി നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly